പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T3319 22.8.2017-ൽ മറുപടിയ്ക്ക്

# പ്രിവെൻഷൻ ഓഫ് ക്രൂവലിറ്റി ടു ആനിമൽസ് (റെഗുലേഷൻസ് ഓഫ് ലൈവ് സ്റ്റോക്ക് മാർക്കറ്റ്) കരട് നോട്ടിഫിക്കേഷൻ

| ചോദ്യം<br>ശ്രീ.അനിൽ അക്കര | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) പ്രിവെൻഷൻ ഓഫ് ക്രൂവലിറ്റി ടു ആനിമൽസ് (റെഗുലേഷൻസ് ഓഫ് ലൈവ് സ്റ്റോക്ക് മാർക്കറ്റ്) ചട്ടങ്ങളുടെ കരട് 2017 ജനുവരി 16-ാം തീയതി കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ മന്ത്രാലയം കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും നോട്ടിഫിക്കേഷന്റെ പകർപ്പ് 9.8.2017-ൽ ആണ് സംസ്ഥാന സർക്കാരിൽ ലഭിച്ചത്. |
| ബി) ഈ നോട്ടിഫിക്കേഷൻമേലുള്ള നിർദ്ദേശങ്ങളും എതിർപ്പും സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നോട്ടിഫിക്കേഷന്റെ പകർപ്പ് സംസ്ഥാന സർക്കാരിന് ലഭിച്ചിരുന്നുവോ;എങ്കിൽ എന്നാണ് ലഭിച്ചത്; | |
| സി) പ്രസ്തുത നോട്ടിഫിക്കേഷൻമേലുള്ള സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ രേഖാമൂലം നിശ്ചിത സമയത്തിനുള്ളിൽ അറിയിച്ചിരുന്നോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഉണ്ടായ വീഴ്ചയുടെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ